**File No.DT/316/2020-A6**

**"ഭരണഭാഷ - മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: എം.എസ് .നഹാസ് )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - ശ്രീ .സജിൻ .എസ് ,വാച്ച്മാന് ,വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും , സിനിയോരിറ്റി പുനഃസ്ഥാപിച്ചും ഉത്തരവാകുന്നു

പരാമർശം:- 1. ജോയിന്റ് ഡയറക്ടറുടെ 13.10.2020-ലെ DT/316/2020-A6 നമ്പർ ഉത്തരവ് .
2 .ശ്രീ.സജിൻ .എസ് ,വച്ച്മാൻ-ൻറെ 14.10.2020-ലെ പരാതി.

**ഉത്തരവ് നമ്പർ:DT/316/2020-A6 തീയതി: 28/10/2020**

ആർ .ഐ. സെന്റർ ചാക്ക, തിരുവനന്തപുരത്ത് വാച്ച്മാൻ തസ്തികയിൽ സേവനത്തിൽ ഉള്ള ശ്രീ .സജിൻ.എസ് എന്ന ജീവനക്കാരൻ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹമായ യോഗ്യത ഉണ്ടായിട്ടും പരാമർശം (1) പ്രകാരം ഇറങ്ങിയ വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ടിരുന്നില്ല. ഇത് സംബന്ധിച്ച് ടിയാൻ പരാമർശം (2) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. ടി പരാതിയിൽ Gradation list-ൽ ടിയാന്റെ ജൂനിയർ ആയ കണ്ണൻ .കെ .എസ് (സിനിയോരിറ്റി നം. 1214) എന്ന ജീവനക്കാരന് ഇലക്ട്രോണിക്ക് മെക്കാനിക് ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ ടിയാനെ മറികടന്ന് സ്ഥാനക്കയറ്റം നൽകിയതായി പറഞ്ഞിരുന്നു .ടി വിവരങ്ങൾ പരിശോധിച്ചതിൽ ടിയാന്റെ പരാതി ന്യായം ആണെന്ന് കാണുന്നു . ടിയാന് ഇലക്ട്രോണിക്ക് മെക്കാനിക് ട്രേഡ് എൻ.റ്റി. സിയോഗ്യതയുണ്ട്. 05.11.2019 തീയതിയിൽ പ്രസിദ്ധികരിച്ച DT/1936/2019-A9 നമ്പർ പ്രകാരം ഉള്ള ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിലെ Gradation list-ൽ ടിയാന്റെ സീനിയോരിറ്റി നമ്പർ 1206-ആണ്. ആയതിന്റെ വെളിച്ചത്തിൽ ശ്രീ.സജിൻ .എസ് ,വച്ച്മാന് ടിയാന്റെ യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 3 (4 )KS&SSR ചട്ടം 31 (A)(1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താൽക്കാലിക

അടിസ്ഥാനത്തിൽ 18000-45000 ശമ്പള സ്കെയിലിൽ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ തസ്തിക മാറ്റം മുഖേന സ്ഥാനക്കയറ്റം നൽകി കഴക്കൂട്ടം (വ ) ഐ.ടി.ഐ യിലെ തുറന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു . പ്രസ്തുത തസ്തികയിലെ ടിയാന്റെ സീനിയോരിറ്റി പരാമർശം (1 ) ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ , വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ടിയാന്റെ ജൂനിയർ ആയ കണ്ണൻ .കെ .എസ് എന്ന ജീവനക്കാരന് മുകളിൽ പുന:സ്ഥാപിച്ചും ഉത്തരവാകുന്നു. തസ്തിക മാറ്റം മുഖേന ഉദ്യോഗക്കയറ്റം ലഭിച്ച ടിയാന്റെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം -6 ലെ വ്യവസ്ഥകൾക്ക് വിധേയം ആയിരിക്കും . കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 7 (1 )-ലെ വ്യവസ്ഥകൾ പ്രകാരം ടിയാൻ ആദ്യ മൂന്ന് വർഷ കാലയളവിലെ തുടർച്ചയായ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും. പ്രസ്തുത ജീവനക്കാരൻ അടിയന്തിരമായി പുതിയ .തസ്തികയിൽ സേവനത്തിൽ പ്രാവേശിക്കേണ്ടതാണ്

ടിയാന് നിലവിലെ ചട്ടങ്ങൾ പ്രകാരം ഉള്ള യാത്രാ പടിക്കും പ്രവേശന കാലത്തിനും അർഹത ഉണ്ടായിരിക്കും.

(ഒപ്പ്)
**NEHAS M S**
ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. ശ്രീ .സജിൻ .എസ് ,വാച്ച്മാൻ(മേലധികാരി മുഖേന )
2. .ട്രെയിനിംഗ് ഓഫീസർ ,ആർ.ഐ.സി ചാക്ക

പകർപ്പ് :- ഡയറക്ടർ / അഡീഷണൽ ഡയറക്ടർ /ജോയിന്റ് ഡയറക്ടർ
എന്നിവരുടെ സി.എ
സ്റ്റോക്ക് ഫയൽ (എ-6)

//ഉത്തരവിൻ പ്രകാരം//
Reji
സീനിയർ സൂപ്രണ്ട്